**പതിനാലാം കേരള നിയമസഭ**

**(അഞ്ചാം സമ്മേളനം)**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 747** **27.04.2017-ൽ മറുപടിയ്ക്ക്**

**വർക്കലയിലെ മത്സ്യബന്ധന വകുപ്പ് പദ്ധതികൾ**

| ചോദ്യം<br>ശ്രീ.വി. ജോയി | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| വർക്കല നിയോജക മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ? | വർക്കല നിയോജകമണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

**ഫിഷറീസ് വകുപ്പ് മുഖേന വർക്കല നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ:**

വർക്കല നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വെട്ടൂർ, ഇടവ, മത്സ്യ ഭവനുകൾ വഴി ഫിഷറിസ് വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി
2. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി
3. മത്സ്യത്തൊഴിലാളി ഭവന നവീകരണ പദ്ധതി
4. മത്സ്യത്തൊഴിലാളി ടോയിലറ്റ് നിർമ്മാണ പദ്ധതി
5. മത്സ്യത്തൊഴിലാളി ഭവനങ്ങൾക്കുള്ള റീവയറിംഗ് പദ്ധതി
6. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്ന പദ്ധതി (ജില്ലാ ആഫിസിൽ നിന്നും ബന്ധപ്പെട്ട സ്കൂളുകൾക്ക് ധന സഹായം അനുവദിച്ചു നൽകുന്നു)
7. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്ന പദ്ധതി
8. വള്ളവും വലയും നഷ്ട്ടപ്പെടുന്നവർക്കുള്ള ധനസഹായം
9. മത്സ്യത്തൊഴിലാളികൾക്കുള്ള ബോധവൽക്കരണ പരിപാടി
10. മത്സ്യത്തൊഴിലാളികൾക്കും കുടുംബങ്ങൾക്കും മെഡിക്കൽ ക്യാമ്പ്
11. മത്സ്യത്തൊഴിലാളി കുട്ടികൾക്കുള്ള ബോധവൽക്കരണ പദ്ധതി (എഡ്യുഫെസ്റ്റ്)
12. മത്സ്യകൃഷി പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതി

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വർക്കല നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

2013-14 സാമ്പത്തിക വർഷം

നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി.

സബ്സെന്റർ, വെട്ടൂർ - 30.00 ലക്ഷം രൂപ (പദ്ധതി പുരോഗമിക്കുന്നു)

നെറ്റ്മെന്റിംഗ്യാർഡ്,വെട്ടൂർ - 35.00 ലക്ഷം രൂപ (പദ്ധതി പുരോഗമിക്കുന്നു)

ജി.എച്ച്. എസ്.എസ്. വെട്ടൂർ സ്കൂൾകെട്ടിടം നിർമ്മാണം - 207.28 ലക്ഷം രൂപ (പദ്ധതി പുരോഗമിക്കുന്നു)

2014-15 സാമ്പത്തിക വർഷം

സംയോജിത മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി ചിലക്കൂർ മത്സ്യഗ്രാമത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി.

| | | |
|---|---|---|
| കുടിവെള്ള പദ്ധതി | - | 85.00 ലക്ഷം രൂപ (പദ്ധതി പുരോഗമിക്കുന്നു) |
| വൈദ്യുതീകരണം | - | 59.417 ലക്ഷം രൂപ (പദ്ധതി പുരോഗമിക്കുന്നു) |
| വ്യക്തിഗത ശൗചാലയങ്ങൾ | - | 38.60 ലക്ഷം രൂപ (നടപ്പിലാക്കിയിട്ടില്ല), |
| ലൈബ്രറിസഹായം | - | 15.00ലക്ഷംരൂപ (സ്ഥലംലഭ്യമാകാത്തതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല) |

2017-18 സാമ്പത്തിക വർഷം

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യവും മാനവശേഷി വികസനവും പദ്ധതി യിൽ ഉൾപ്പെടുത്തി വർക്കല താലൂക്ക് ആശുപത്രിയിൽ പുതിയ ഐ.പി ആന്റ് പാലിയേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിനായി 138.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.. പദ്ധതിയുടെ പ്രാരംഭ നടപടികൾ പൂർത്തീകരിച്ചു വരുന്നു.

മത്സ്യഫെഡ് മുഖേന വർക്കല നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

വർക്കല നിയോജക മണ്ഡലത്തിൽ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യ ത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ മുഖേന താഴെ പറയുന്ന പദ്ധതികൾ പ്രകാരം ധനസഹായം നൽകിയിട്ടു ണ്ട്.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പദ്ധതി | അടങ്കൽ തുക (രൂപ) | വായ്പാ തുക (രൂപ) |
|---|---|---|---|---|
| 1 | വർക്കല FDWCS F(T) 197 | 1. എൻ.സി.ഡി.സി ഐ.എഫ്.ഡി.പി. മത്സ്യബന്ധന ഉപകരണ വായ്പ | 992881.00 | 575361.00 |
| | | 2. എൻ.സി.ഡി.സി -ഐ.എഫ്.ഡി.പി. പ്രവർത്തന മൂലധന വായ്പ | 550000.00 | 550000.00 |
| | | 3. പലിശരഹിത വായ്പ | 8805000.00 | 8805000.00 |
| | | 4. മൈക്രോ ഫിനാൻസ് | 39069000.00 | 35162100.00 |
| | | 5. എൻ.എം.ഡി.എഫ്.സി ടേം വായ്പ | 10380000.00 | 9861000.00 |
| | | 6. എൻ.ബി.സി.എഫ്.ഡി.സി ടേം വായ്പ | 601500.00 | 571425.00 |
| | | ആകെ | 59405500 | 54949525 |
| 2 | ഓടയം FDWCS DF(T) 197 | 1. എൻ.സി.ഡി.സി ഐ.എഫ്.ഡി.പി. മത്സ്യബന്ധന ഉപകരണ വായ്പ | 142055.00 | 82349.00 |
| | | 2. എൻ.സി.ഡി.സി -ഐ.എഫ്.ഡി.പി. പ്രവർത്തന മൂലധന വായ്പ | 25000.00 | 25000.00 |
| | | 3. പലിശരഹിത വായ്പ | 1225000.00 | 122500.00 |
| | | 4. എൻ.എം.ഡി.എഫ്.സി ടേം വായ്പ | 150000.00 | 142500.00 |
| | | ആകെ | 1542055 | 372349 |
| 3 | ചിലക്കൂർ FDWCS DF(T) 32/92 | 1. എൻ.സി.ഡി.സി ഐ.എഫ്.ഡി.പി. മത്സ്യബന്ധന ഉപകരണ വായ്പ | 2813781.00 | 1744580.00 |
| | | 2. എൻ.സി.ഡി.സി -ഐ.എഫ്.ഡി.പി. പ്രവർത്തന മൂലധന വായ്പ | 1125000.00 | 1125000.00 |
| | | 3. എൻ.സി.ഡി.സി - ഐ. എഫ്.ഡി.പി. മത്സ്യക്കച്ചവട വായ്പ (പുരുഷൻമാർക്ക്) | 1280000.00 | 704000.00 |
| | | 4. പലിശരഹിത വായ്പ | 1035000.00 | 1035000.00 |
| | | 5. മൈക്രോ ഫിനാൻസ് | 2438000 | 2194200 |
| | | 6. എൻ.എം.ഡി.എഫ്.സി ടേം വായ്പ | 3177265.00 | 3018402.00 |
| | | ആകെ | 11869046 | 9821182 |
| | | നിയോജക മണ്ഡലത്തിൽ ആകെ. | 72816601 | 65143056 |

## അഡാക്ക് മുഖേന വർക്കല നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

വർക്കല ഓടയത്ത് അഡാക്കിന്റെ ഉടമസ്ഥതയിലുള്ള ചെമ്മീൻ ഹാച്ചറി വളപ്പിൽ Creation of Additional Facilities at Aquarium complex, Odayam എന്ന പദ്ധതിയ്ക്കായി 188 ലക്ഷം രൂപയുടെ ഭരണാനുമതിയും ഫണ്ടും (ആദ്യഗഡു) നൽകിയിട്ടുണ്ട് വർക്കല അക്വേറിയത്തിലെ നിലവിലുള്ള സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സീഫുഡ് കോർട്ട്, ടോയ്ലറ്റ്, ഓപ്പൺ തിയേറ്റർ, ഫെൻസിംഗ് തുടങ്ങിയ ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടു ണ്ട്. തീരദേശ വികസന കോർപ്പറേഷൻ മുഖേന പദ്ധതി പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. കൂടാതെ ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി Establishment of Finfish Rearing Unit at Odayam hatchery എന്ന പദ്ധതിയ്ക്കായി 180 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.

ഈ സാമ്പത്തിക വർഷം ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ഓടയത്ത് ഓരുജല മത്സ്യക്കുഞ്ഞുല്പാദനത്തിനായി ഹാച്ചറി സ്ഥാപിക്കുന്നതിന് 900 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖേന വർക്കല നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

1. വർക്കല ചിലക്കൂർ മിനി ഫിഷിംഗ് ഹർബർ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിക്കുന്നതിന് പ്രാരംഭ നടപടികൾ പൂർത്തീകരിച്ച് പരിസ്ഥിതി ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (കെ.സി.ഇസഡ്.എം.എ)യ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.
2. വർക്കല കാപ്പിൽ ബീച്ച് ലാന്റ്സ്കേപ്പിംഗ് പ്രവൃത്തി.
3. തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിലുൾപ്പെട്ടുത്തി ചുവടെ ചേർക്കുന്ന 7 റോഡ് പ്രവൃത്തികളുടെ പുനരുദ്ധാരണം നടപ്പിലാക്കി വരുന്നു.

   a. വർക്കല മുൻസിപ്പാലിറ്റിയിലെ ഹനുമാൻ ക്ഷേത്രം റോഡ്

   b. വർക്കല മുൻസിപ്പാലിറ്റിയിലെ എസ്.എൻ.മെഡിക്കൽസ് – പ്ലാവിള എക്സ്ചേഞ്ച് റോഡ്.

   c. വെട്ടൂർ പഞ്ചായത്തിലെ നേതാജി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി.

   d. വർക്കല മുൻസിപ്പാലിറ്റിയിലെ കിളിത്തട്ടുമുക്ക് – ഐക്കരവിള-കല്ലുവിള അമ്മൻകോവിൽ റിംഗ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി.

   e. ഇടവ പഞ്ചായത്തിലെ കാപ്പിൽ എച്ച്.എസ്.നേലേറ്റിൽ കടവ് റോഡ്

   f. വെട്ടൂർ പഞ്ചായത്തിലെ പേഴുവിള – കെ.എം.കാസിം റോഡ്

   g. വെട്ടൂർ പഞ്ചായത്തിലെ ചുമടുതാങ്ങി –ഇടനാഴി റോഡ്

സെക്ഷൻ ആഫീസർ